K23U 2253

Reg. No.: ................................

Name : ...................................

**V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023**
**(2019-2021 Admissions)**
**CORE COURSE IN MALAYALAM**
**5B11 MAL : നാടോടിവിജ്ഞാനീയം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) ഫോക്‌ലോർ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനമെന്ത് ? പ്രധാന വർഗ്ഗീകരണരീതികളെക്കുറിച്ച് വിവരിക്കുക.

2) പ്രാദേശിക സംസ്കാരത്തിന്റെ ആഴങ്ങളെ കണ്ടെത്താനുള്ള വഴി നാടൻവാങ്മയങ്ങളെക്കുറിച്ചുള്ള പഠനമാണ്. വിവരിക്കുക.

3) പടയണിയുടെ അടിസ്ഥാനമായ പുരാണകഥ സൂചിപ്പിച്ച് അതിലെ ആഹാര്യാംശത്തെക്കുറിച്ച് വിവരിക്കുക.

4) ഒരു ജനസാമാന്യം പിന്തുടരുന്ന ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അടിസ്ഥാനം അവരുടെ വിശ്വാസ സംഹിതയാണ് – പരിശോധിക്കുക.

II. **150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) ഫോക്‌ലോർ എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ച് വിവരിക്കുക.

6) ഫോക്‌ലോറും വിവിധ സാഹിത്യരൂപങ്ങളുമായുള്ള ബന്ധം വിശദീകരിക്കുക.

7) നാടൻപാട്ടുകളുടെ സവിശേഷതയെന്ത് ? അവയെ വർഗ്ഗീകരിക്കുന്നതെങ്ങനെ ?

8) പുലിമറഞ്ഞതൊണ്ടച്ചൻ എന്ന തെയ്യത്തിൽ പുലയർ പാടുന്ന തോറ്റംപാട്ടിൽ പ്രതിപാദിക്കുന്ന കാരിയുടെ ചരിതം വിവരിക്കുക.

9) മാർഗ്ഗംകളിയുടെ അവതരണരീതി വിവരിക്കുക.

10) നാടോടിവൈദ്യത്തിനടിസ്ഥാനം വിശ്വാസമാണ്. ഈ അഭിപ്രായത്തിന്റെ സാധുത വിലയിരുത്തുക.

P.T.O.

III. **100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ഫോക്‌ലോറിന്റെ ധർമ്മത്തെക്കുറിച്ചുള്ള വില്യം ആർ. ബാസ്കത്തിന്റെ നിരീക്ഷണങ്ങളേവ ?

12) പഴഞ്ചൊല്ലുകളുടെ സവിശേഷതകൾ എന്തെല്ലാം ?

13) വടക്കൻപാട്ടുകളെ എത്രയായി വിഭജിച്ചിരിക്കുന്നു ? ഏതെല്ലാം ?

14) മുടിയേറ്റിലെ ചതുർവിധാഭിനയ സാധ്യതകളെക്കുറിച്ച് വിവരിക്കുക.

15) കുടുംബബന്ധവും സാമൂഹികബന്ധവും വീടിന്റെ വാസ്തുഘടനയെ സ്വാധീനിക്കുന്നതെങ്ങനെ ?

16) 'സമൂഹത്തിന്റെ ഭാഗമാകാൻ വ്യക്തി നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ് ഉത്സവാഘോഷങ്ങൾ' എന്ന നിരീക്ഷണം എത്രത്തോളം അന്വർത്ഥമാണ് ?

IV. ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) പ്രായോഗിക ഫോക്‌ലോർ

18) ഫോക്‌ലോറും സാഹിത്യവും

19) കടങ്കഥ

20) ഉർവരതാനുഷ്ഠാനങ്ങൾ

21) പാലന്തായികണ്ണൻ

22) നാട്ടാചാരങ്ങൾ.

KANNUR UNIVERSITY

_______________

K23U 2252

Reg. No.: ................................

Name : ...................................

# V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023
## (2019-2021 Admissions)
## CORE COURSE IN MALAYALAM
## 5B10 MAL : കേരള സംസ്കാരം

Time : 3 Hours Max. Marks : 40

I. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) സംഘകാലത്തെ സംസ്കാരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ?

2) കേരളത്തിലെ ജന്മി സമ്പ്രദായത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വിവരിക്കുക.

3) പോർച്ചുഗീസുവാഴ്ചയുടെ ഗുണദോഷങ്ങൾ വിവരിക്കുക.

4) കേരളീയ നവോത്ഥാന ചരിത്രത്തിൽ ശ്രീ നാരായണഗുരു, ചട്ടമ്പി സ്വാമികൾ, തുടങ്ങിയവരുടെ സംഭാവനകളെപ്പറ്റി ഉപന്യസിക്കുക.

II. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) പ്രാചീന കേരളചരിത്ര രചനയ്ക്ക് സഹായകമായ സംസ്കൃത കൃതികളെക്കുറിച്ച് കുറിപ്പെഴുതുക.

6) കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തെ കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

7) കേരളീയ സാംസ്കാരികചരിത്രത്തിൽ സാമൂതിരിമാരുടെ പങ്ക് വിശദീകരിക്കുക.

8) ഡച്ചുകാർ കേരളത്തിലെ സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ നൽകിയ സംഭാവനകൾ എന്തെല്ലാം ?

9) കേരളത്തിലെ ആദ്യകാല പത്രപ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കുക.

10) കേരളീയ ചരിത്രത്തിൽ ചാന്നാർലഹളയ്ക്കുള്ള പ്രാധാന്യം വിശകലനം ചെയ്യുക.

P.T.O.

III. ഏതെങ്കിലും **നാലു** ചോദ്യത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) നന്നങ്ങാടികളെ കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

12) 'പതിറ്റുപ്പത്ത്' – കുറിപ്പ് തയ്യാറാക്കുക.

13) മണ്ണാപേടി, പുലിപ്പേടി ഇവ എന്താണെന്ന് വിശദീകരിക്കുക.

14) യുക്തിവാദ പ്രസ്ഥാനത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക.

15) മലയാള ഭാഷയുടെ വളർച്ചയ്ക്ക് ഹെർമൻ ഗുണ്ടർട്ട് നൽകിയ സംഭാവനകൾ എന്തെല്ലാം ?

16) ഗുരുവായൂർ സത്യാഗ്രഹത്തിന്റെ കാരണങ്ങൾ എന്തെല്ലാം ?

IV. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) കൊറ്റവൈ.

18) സ്മാർത്തവിചാരം.

19) ശുചീന്ദ്രം കൈമുക്ക്.

20) പയ്യന്നൂർപ്പാട്ട്.

21) വാഗൺ ട്രാജഡി.

22) മലയാളി മെമ്മോറിയൽ.

---

കമസോമാ ജ്യോതിർഗമയ
KANNUR UNIVERSITY

K23U 2251

Reg. No.: ................................

Name : ...................................

# V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023
## (2019-2021 Admissions)
## CORE COURSE IN MALAYALAM
## 5B09 MAL : സംസ്കാരപഠനവും സാഹിത്യവും

Time : 3 Hours Max. Marks : 40

**രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1. 'സാംസ്കാരികഘടകങ്ങളെ മുൻനിർത്തി സാഹിത്യനിരൂപണവും കലാനിരൂപണവും നടത്തുന്ന പഠനപദ്ധതിയാണ് സംസ്കാര പഠനം'. വ്യക്തമാക്കുക.

2. 'സാഹിത്യത്തെ സാംസ്കാരികമായി പഠിക്കുന്ന സമീപനരീതിയാണ് സംസ്കാര പഠനം സ്വീകരിച്ചത് '. പൂവനും ഓറഞ്ചും എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശ കലനം ചെയ്യുക.

3. 'മാതൃത്വം, സ്ത്രൈണത എന്നീ സങ്കൽപ്പങ്ങളാണ് മുലകുടി എന്ന കവിതയിൽ ആവി ഷ്ക്കരിക്കുന്നത് '. വിമർശനാത്മകമായി വിലയിരുത്തുക.

4. ജനപ്രിയസംസ്കാര പഠനം എന്നാലെന്ത് ? അത് സാഹിത്യപഠനത്തിലും സമീപന ത്തിലും കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാം ?

**150** വാക്കിൽ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5. സംസ്കാരപഠനത്തിന് ബർമിംഗ് ഹാം സർവ്വകലാശാലയിലെ സെന്റർ ഫോർ കണ്ടെമ്പററി കൾച്ചറൽസ്റ്റഡീസ് നൽകിയ സംഭാവനകൾ എന്തെല്ലാം ?

6. റിംഗ്-കോളർ ടോണുകളെ സാംസ്കാരിക പ്രകടനങ്ങളായി കാണുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം ? വിശദീകരിക്കുക.

7. കാഴ്ചയെ സ്വാധീനിക്കുന്ന സാംസ്കാരിക ഘടകങ്ങളെ അടിസ്ഥാനമാക്കി വീണപൂവിനെ വിശകലനം ചെയ്യുന്ന പഠനമാണ് 'വീണപൂവും കാഴ്ചയുടെ പ്രത്യയശാസ്ത്രവും'. വ്യക്തമാക്കുക.

P.T.O.

8. 'ദളിത് ജീവിതത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും തീവ്രമായി ആവിഷ്ക്കരിക്കുന്ന കഥയാണ് കാവൽഭൂതം'. വിലയിരുത്തുക.

9. പൂവൻപഴം എന്ന ശീർഷകം കഥയ്ക്ക് നൽകുന്ന അർത്ഥതലങ്ങൾ എന്തെല്ലാം ? പൂവനും ഓറഞ്ചും എന്ന ലേഖനത്തിലെ അഭിപ്രായത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

10. നവോത്ഥാനത്തിലൂടെ മാറിവന്ന കാഴ്ചയുടെ സ്വഭാവമാണ് വീണപൂവ് പങ്കുവെക്കുന്നതെന്ന അഭിപ്രായത്തിന് കാരണമെന്ത് ? പരിശോധിക്കുക.

**100** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11. 'സംസ്കാരം സാധാരണമാണ്' എന്ന സങ്കൽപ്പനത്തിന്റെ പ്രസക്തിയും പ്രാധാന്യവും വിശദീകരിക്കുക.

12. ഉദാത്തസാഹിത്യം, പൈങ്കിളി സാഹിത്യം എന്നീ വേർതിരിവുകളെ അപ്രസക്ത മാക്കുന്ന സമീപനരീതിയാണ് സംസ്കാരപഠനം സ്വീകരിച്ചത്. വ്യക്തമാക്കുക.

13. സംസ്കാരപഠനത്തിന്റെ അടിസ്ഥാന ധാരണകളാണ് വീണപൂവ് കാഴ്ചയുടെ പ്രത്യയശാസ്ത്രം എന്ന പഠനത്തിൽ സ്വീകരിച്ചിട്ടുള്ളത്. വിശദീകരിക്കുക.

14. 'പൂവൻപഴ'ത്തിന്റെ വ്യത്യസ്തമായ അർത്ഥങ്ങളെ കണ്ടെത്തിക്കൊണ്ട് കഥയെ പഠിക്കുന്ന ലേഖനമാണ് പൂവനും ഓറഞ്ചും. വ്യക്തമാക്കുക.

15. മൊബൈൽ ഫോണുകൾ ബഹുരാഷ്ട്രകുത്തകകളുടെ പരസ്യ പ്രചരണമായി മാറുന്നതെങ്ങനെ ? വിശദമാക്കുക.

16. റിംഗ് ടോണും കോളർ ടോണും തെരഞ്ഞെടുക്കുമ്പോൾ ഫോണുടമ അറിഞ്ഞോ അറിയാതെയോ അയാളെ സ്വയം നിർവ്വചിക്കുകയാണ് എന്ന അഭിപ്രായത്തിന് കാരണമെന്ത് ? പരിശോധിക്കുക.

ഏതെങ്കിലും **നാലെണ്ണ**ത്തിന് കുറിപ്പെഴുതുക. **(4×1.5=6)**

17. റിച്ചാർഡ് ഹോഗാർട്ട്
18. സോഷ്യൽ മീഡിയ
19. ജനപ്രിയസംസ്കാരം
20. റെയ്മണ്ട് വില്യംസ്
21. സംസ്കാരം
22. ഇ. പി. രാജഗോപാലൻ.

K23U 2250

Reg. No.: ................................

Name : ...................................

# V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023
## (2019-2021 Admissions)
## CORE COURSE IN MALAYALAM
## 5B08 MAL : നോവൽസാഹിത്യം

Time : 3 Hours　　　　　　　　　　　　　　　　　　Max. Marks : 40

I. **രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) കൊളോണിയൽ ആധുനികതയുടെ യുക്തികൾ ഇന്ദുലേഖയിൽ പ്രവർത്തിക്കുന്നത് എങ്ങനെ ?

2) 'തോട്ടിയുടെ മകനിൽ പ്രകടമാകുന്ന വൃത്തിബോധം ആധുനികതയുടേതാണ്' – വിമർശനാത്മകമായി പരിശോധിക്കുക.

3) ആധുനിക നോവലിന്റെ സ്വഭാവ സവിശേഷതകൾ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിനെ ആധാരമാക്കി അപഗ്രഥിക്കുക.

4) കീഴാള ജീവിത ഭൂമികയുടെ പ്രതീകമെന്ന നിലയിൽ തീയൂർ എന്ന സ്ഥലം 'ക്ഷൗര'ത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നതെങ്ങനെ ?

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) 'നാടിന്റെ ഭൂതകാല മാഹാത്മ്യം വാഴ്ത്തി രസിച്ച എഴുത്തുകാരനാണ് സി. വി. രാമൻപിള്ള' – വിമർശനാത്മകമായി പരിശോധിക്കുക.

6) ''കർത്താവായ യേശു മിശിഹാതമ്പുരാനെ ക്രൂശിച്ചത് മരക്കുരിശിലല്ലേ ? പള്ളിക്കെന്തിനാ പൊൻകുരിശ് ?'' – ഈ സംഭാഷണത്തെ മുൻനിർത്തി പൊൻകുരിശ് തോമ എന്ന കഥാപാത്രത്തിന്റെ സ്വഭാവം അനാവരണം ചെയ്യുക.

7) 'ആദർശസ്ത്രീയെക്കുറിച്ച്സമൂഹം നിലനിർത്തിപോരുന്ന യാഥാസ്ഥിതിക സങ്കൽപങ്ങളുടെ പരിധിക്കുള്ളിൽതന്നെ നിൽക്കുന്ന ഒരു കഥാപാത്രമാണ് മഞ്ഞിലെ നായികയായ വിമല' – ഈ അഭിപ്രായത്തിന്റെ സാധുത ചർച്ച ചെയ്യുക.

8) മയ്യഴിയുടെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിൽ, കൊളോണിയൽ അധിനിവേശ ശക്തികളോടുള്ള വിധേയത്വം നിർണായക ശക്തിയായി വർത്തിച്ചതെങ്ങനെ ?

9) മനുഷ്യന്റെ സാമൂഹികക്രമത്തെ അട്ടിമറിക്കുന്ന ജാതീയമായ ഉൾപ്പോരുകളെ പ്രശ്നവൽക്കരിക്കുന്ന കൃതിയാണ് ക്ഷൗരം – സമർത്ഥിക്കുക.

10) ''നിന്നോട് ചെയ്ത പാപത്തിന് പരിഹാരമില്ലെന്നെനിക്കറിയാം. മതിയാവുമെങ്കിൽ എന്റെ ജീവനെടുത്തുകൊള്ളുക. ഞാൻ ഉണർന്നിരിക്കുന്നവളാണ് '' – ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) ഇന്ദുലേഖയിലെ ആഖ്യാനരീതിയുടെ സവിശേഷതയെന്ത് ?

12) 'വലിയ കഥാഖണ്ഡങ്ങളെ കൂട്ടിച്ചേർത്തുവെച്ച് അവയ്ക്കിടയിൽ ലഘുവും ലളിതവുമായ ഉപകഥകൾകൊണ്ട് മിനുക്കി വിളക്കിയെടുക്കുന്ന സി. വി. സമ്പ്രദായം' ധർമ്മരാജയിൽ പ്രതിഫലിക്കുന്നത് എങ്ങനെ ?

13) തൊഴിലാളി വർഗ്ഗനായകൻ എന്ന സങ്കല്പം 'തോട്ടിയുടെ മകനി'ലൂടെ തകഴി ആവിഷ്കരിക്കുന്നത് എങ്ങനെ ?

14) രാമൻനായരും തോമയും, ആനവാരി രാമൻനായരും പൊൻകുരിശ് തോമയും ആയിത്തീരുന്നതിന് ഇടയാക്കിയ സാഹചര്യം എന്ത് ?

15) ബോധധാരാസങ്കേതം ഉപയോഗിച്ച് എഴുതപ്പെട്ട നോവൽ എന്ന നിലയിൽ മഞ്ഞിന്റെ സവിശേഷതകൾ വിവരിക്കുക.

16) ജാതിയെ മറികടക്കാൻ എന്ന പേരിൽ നടന്ന ക്രിസ്തുമത സ്വീകാരത്തിന്റെ നിരർത്ഥകതയോടുള്ള പ്രതിഷേധം ആവർത്തനപുസ്തകം ആവിഷ്കരിക്കുന്നത് എങ്ങനെ ?

IV. **നാല്** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) പുരോഗമന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പ് എഴുതുക.

18) ഇന്ദുലേഖ എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വത്തെ നിർണയിക്കുക.

19) ചരിത്രാഖ്യായികകൾ – കുറിപ്പെഴുതുക.

20) ചുടലമുത്തു ഒരു വർഗ്ഗ വഞ്ചകനായി തീരാനിടയായ സാഹചര്യം എന്ത് ?

21) അംഗദൻ – കഥാപാത്രനിരൂപണം തയ്യാറാക്കുക.

22) ബോധധാരാസങ്കേതം – ചെറുകുറിപ്പ് തയ്യാറാക്കുക.

KANNUR UNIVERSITY

K23U 2748

Reg. No.: ................................

Name : ...................................

# V Semester B.A. Degree (C.B.C.S.S. – Supplementary) Examination, November 2023
# (2017 and 2018 Admissions)
# CORE COURSE IN MALAYALAM
# 5B07 MAL : ഭാഷാശാസ്ത്രവും വ്യാകരണവും

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) ഭാരതത്തിലെ പ്രധാന ഭാഷാ ഗോത്രങ്ങളെയും അവയിലുൾപ്പെടുന്ന ഭാഷകളെയും പരിചയപ്പെടുത്തുക.

2) കേരളപാണിനീയം അടിസ്ഥാനമാക്കി മലയാളത്തിലെ ശബ്ദ വിഭാഗത്തെക്കുറിച്ച് വിവരിക്കുക.

3) ഭാഷാശാസ്ത്രതത്വമനുസരിച്ച് മലയാള ഭാഷയിലെ സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും വർഗ്ഗീകരിക്കുക.

4) മലയാളത്തിലെ നിഘണ്ടുക്കളുടെ സാമാന്യ ചരിത്രം വിവരിക്കുക.

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) കേരളപാണിനീയം മുൻനിർത്തി ഭാഷയിലെ ഭേദകങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

6) വിവിധ ആശയ വിനിമയോപാധികളിൽ മാതൃഭാഷയുടെ സ്ഥാനം നിർണയിക്കുക.

7) സ്വന വിജ്ഞാനത്തിലെ മൂന്ന് സമീപന രീതികളെ പരിചയപ്പെടുത്തുക.

8) ക്രിയ എന്നാലെന്ത് ? ക്രിയയുടെ അവാന്തര വിഭാഗങ്ങൾ സോദാഹരണം വിശദീകരിക്കുക.

P.T.O.

9) സമാസമെന്തെന്ന് ഉദാഹരണ സഹിതം വിശദമാക്കുക.

10) മലയാള ഭാഷയിലെ ലിംഗ വ്യവസ്ഥയെ ഉദാഹരണങ്ങളിലൂടെ പരിചയപ്പെടുത്തുക.

III. **നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ദ്രാവിഡ ഭാഷാ ഗോത്രം – കുറിപ്പെഴുതുക.

12) സംശ്ളിഷ്ട കക്ഷ്യ – കുറിപ്പെഴുതുക.

13) തദ്ധിതം എന്നാലെന്ത് ? തദ്ധിതത്തിന്റെ വകഭേദങ്ങൾ ഏതെല്ലാമെന്ന് വിവരിക്കുക.

14) വിനയെച്ചം എന്നാൽ എന്ത് ? പ്രധാന വിനയെച്ചങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുക.

15) പ്രയോഗം എന്നാലെന്ത് ? വിവിധ തരം പ്രയോഗങ്ങൾ കുറിപ്പാക്കുക.

16) ആഗമസന്ധിയെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6×1=6)**

17) ശ്രുതി മാധുര്യാർത്ഥം ____________ ചിലെടങ്ങളിൽ – വിട്ടഭാഗം പൂരിപ്പിക്കുക.

18) പ്രയോഗിക്കാൻ സജ്ജമായ ശബ്ദത്തെയാണ് ____________ എന്നു പറയുന്നത്.

19) ശ്വസന വായുവിന് അതിന്റെ പ്രയാണമാർഗ്ഗത്തിൽ പൂർണമായോ ഭാഗിക മായോ തടസ്സം സംഭവിക്കുമ്പോൾ ഉണ്ടാവുന്ന സ്വനങ്ങളാണ് ____________

20) ഭാഷയിലെ കമ്പിതസ്വരം എന്നറിയപ്പെടുന്ന വ്യഞ്ജനമേത് ?

21) മലയാളം ഉൾപ്പെടുന്ന ഭാഷാ ഗോത്രമേത് ?

22) കേരളപാണിനി എന്നറിയപ്പെടുന്നതാര് ?

23) എന്താണ് വിനാമ ക്രിയ ?

24) പ്രവാഹികളായ വ്യഞ്ജന സ്വനിമങ്ങൾ ഏവ ?

KANNUR UNIVERSITY

**K23U 2249**

**Reg. No.: ................................**

**Name : ...................................**

## V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023
## (2019-2021 Admissions)
## CORE COURSE IN MALAYALAM
## 5B07 MAL : വ്യാകരണപഠനങ്ങൾ

Time : 3 Hours Max. Marks : 40

I. **രണ്ട്** ചോദ്യങ്ങൾക്ക് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) വർണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുക.

2) ലോപസന്ധി എന്താണെന്ന് നിർവചിച്ച് പ്രധാനപ്പെട്ട ലോപസന്ധി നിയമങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.

3) ക്രിയ എന്താണെന്ന് നിർവചിച്ച് അതിന്റെ അവാന്തരവിഭാഗങ്ങൾ വിശദീകരിക്കുക.

4) എ. ആർ. വിഭക്തികൾക്ക് പുതിയ പേരു നൽകിയതിന്റെ ഔചിത്യം പരിശോധിക്കുക.

II. **നാല്** ചോദ്യങ്ങൾക്ക് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) അനുനാസികാതിപ്രസരനയം ഉദാഹരണസഹിതം വിശദീകരിക്കുക.

6) ഭാഷോത്പത്തിയെക്കുറിച്ചുള്ള സ്വതന്ത്രതാവാദത്തിന്റെ യുക്തികൾ വിശകലനം ചെയ്യുക.

7) സവർണനം എന്നാലെന്ത് ? ഉപവിഭാഗങ്ങൾ ഉൾപ്പെടെ വിശദീകരിക്കുക.

8) ദ്യോതകം എന്നാലെന്ത് ? ഉപവിഭാഗങ്ങൾ ഉൾപ്പെടെ വിശദീകരിക്കുക.

9) അം അംഗപ്രത്യയമാണോ ലിംഗപ്രത്യയമാണോ ? കേരളപാണിനിയുടെ അഭിപ്രായം വിശകലനം ചെയ്യുക.

10) തൽപുരുഷസമാസം അവാന്തരവിഭാഗങ്ങൾ ഉൾപ്പെടെ വിശദീകരിക്കുക.

III. **നാല്** ചോദ്യങ്ങൾക്ക് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) മലയാളത്തിലെ അക്ഷരമാല എഴുതുക.

12) പ്രകൃതിയും പ്രത്യയവും തമ്മിലുള്ള സാമ്യവൈജാത്യങ്ങൾ ഏവ ?

13) ദ്വിത്വസന്ധി എന്നാലെന്ത് ? ഉദാഹരണസഹിതം വിവരിക്കുക.

14) നാമം എന്നാലെന്ത് ? പ്രധാന നാമവിഭാഗങ്ങൾ ഏവ ?

15) നിഗീർണകർതൃക ക്രിയ എന്നാലെന്ത് ?

16) ധാതുവർത്ഥം കുറിക്കുന്ന
പ്രകാരം താൻ പ്രകാരമാം. വ്യാഖ്യാനിക്കുക.

IV. **നാല്** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) വർണം, ലിപി എന്നിവ നിർവചിക്കുക.

18) കുറിപ്പെഴുതുക – സംശ്ലിഷ്ടകക്ഷ്യ.

19) വർജിപ്പൂ സ്വരസംയോഗം
യ വ ചേർത്തു യഥാവലേ – വ്യാഖ്യാനിക്കുക.

20) സർവത്തിനും നാമമായ
നാമം താൻ സർവനാമം – വ്യാഖ്യാനിക്കുക.

21) ഖിലം ലുപ്തമിരട്ടിപ്പും
വിഭക്ത്യാഭാസസംജ്ഞമാം – വ്യാഖ്യാനിക്കുക.

22) നാമവും ക്രിയയും തമ്മി –
ലുള്ള യോജന കാരകമാം – വ്യാഖ്യാനിക്കുക.

KANNUR UNIVERSITY